14 (1228) ഫിഷറീസ് റോഡുകൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് മേഖലയിൽ കോഴിക്കോട് ജില്ലയിൽ എത്ര റോഡുകൾക്കാണ് ഈ വർഷം അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം റോഡുകളാണെന്ന് അറിയിക്കുമോ;

(സി) റോഡുകളുടെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 20 റോഡുകൾക്ക്.

(ബി) വിവരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി) 31.3.2000-നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

15 (1229) ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാർ

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. ചെർക്കളം അബ്ദുള്ള :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനകീയ മത്സ്യക്കൃഷി നടത്തുന്നതിന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ കരാർ വ്യവസ്ഥയിൽ ഫിഷറീസ് വകുപ്പിൽ നിയമിച്ചിട്ടുണ്ടോ? എങ്കിൽ എത്രപേരെ;

(ബി) ഇവരെ ഈ തസ്തികയിൽ സ്ഥിരപ്പെടുത്താനുള്ള തീരുമാനമെടുത്തിട്ടുണ്ടോ;

(സി) എങ്കിൽ അതനുസരിച്ചുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) പരിചയസമ്പന്നരായ ഫീൽഡ് സ്റ്റാഫിനെ പ്രൊമോട്ട് ചെയ്യുകയും ഫീൽഡ് സ്റ്റാഫിൽ ഒഴിവുവരുന്ന തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നടത്തുകയും ചെയ്യുന്ന കീഴ്വഴക്കം ലംഘിച്ചിട്ടുണ്ടോ; എങ്കിൽ ഈ നടപടി നിർത്തിവയ്ക്കുമോ;

(ഇ) പി.എസ്.സി.യെ മറികടന്നുകൊണ്ടുള്ള നിയമനങ്ങൾ ഫിഷറീസ് വകുപ്പ് ഉടനടി നിർത്തിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനകീയ മത്സ്യക്കൃഷി നടത്തുന്നതിന് കരാർ വ്യവസ്ഥയിൽ 49 ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ബി-യിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly